പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ഐ.എ.വൈ. പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1479 | 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഐ.എ.വൈ. പദ്ധതിപ്രകാരം 2011-12 മുതൽ 2014-15 വരെ അനുവദിച്ച വീടുകൾ എത്രയെന്നും അതത് വർഷത്തെ ഫണ്ടിൽ പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും വ്യക്തമാക്കുമോ; | (എ) | ഐ.എ.വൈ.യുടെ മാനദണ്ഡപ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് 18 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ വർഷവും പൂർത്തിയാക്കുന്ന വീടുകളുടെ എണ്ണം സ്പിൽ ഓവർ ഉൾപ്പെടെയാണ് കണക്കാക്കുന്നത്. |

| വർഷം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 2011-12 | 54717 | 43255 |
| 2012-13 | 44902 | 35010 |
| 2013-14 | 42125 | 34143 |
| 2014-15 | 51261 | 1228 |

| | | | |
|---|---|---|---|
| (ബി) | നിർമ്മാണം അതത് വർഷം പൂർത്തീകരിക്കാൻ കഴിയാതെ തുടർന്നുള്ള വർഷങ്ങളിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം വ്യക്തമാക്കുമോ; | (ബി) | |

| വർഷം | തൻവർഷം പൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം (31.10.2015 വരെയുള്ള കണക്കുകൾ പ്രകാരം) |
|---|---|---|
| 2011-12 | 11462 | 9031 |
| 2012-13 | 9892 | 5714 |
| 2013-14 | 7982 | 126 |
| 2014-15 | 50033 | 25765 |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കിയതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും, പട്ടികവർഗ്ഗ വിഭാഗത്തിന് 2.5 ലക്ഷം |

<table>
<tr>
<td></td>
<td></td>
<td></td>
<td>രൂപയായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്ന തുകയിൽ 2011-12 മുതൽ 2014-15 വരെയുള്ള കുടിശ്ശിക നൽകുന്നതിനായി 2015 ഒക്ടോബർ മാസംവരെ 326 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിനുശേഷം, സംസ്ഥാന അധിക ധനസഹായമായി നൽകാനുള്ള അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ഇനി നൽകാൻ അവശേഷിക്കുന്ന സംസ്ഥാന അധിക ധനസഹായം (തുക ലക്ഷത്തിൽ)</th></tr>
<tr><td>2011-12</td><td>7966.64</td></tr>
<tr><td>2012-13</td><td>2088.644</td></tr>
<tr><td>2013-14</td><td>2702.71</td></tr>
<tr><td>2014-15</td><td>11903.216</td></tr>
<tr><td></td><td>24661.214</td></tr>
</table>
അധിക ധനസഹായമായി നൽകാൻ അവശേഷിക്കുന്ന ടി 246.612 കോടി രൂപയിൽ 150 കോടി രൂപ 2015 നവംബർ മാസം 28-ാം തീയതി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 80% വിനിയോഗം ആകുന്ന മുറയ്ക്ക് ശേഷിക്കുന്ന 96.612 കോടി രൂപ അനുവദിക്കുന്നതാണ്.</td>
</tr>
<tr>
<td>(ഡി)</td>
<td>പദ്ധതിയുടെ കുടിശ്ശികതീർക്കുന്നതിന് ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്ന നടപടികൾ ഏതുവരെയായി; വായ്പ അനുവദിച്ചോ; എത്ര തുകയാണ് അനുവദിച്ചത്?</td>
<td>(ഡി)</td>
<td>ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള തീരുമാനം പിൻവലിക്കുകയും പകരം അധിക ധനസഹായം നൽകുന്നതിനായി സംസ്ഥാന സർക്കാർ 500 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 300 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഈ 300 കോടി രൂപയുടെ 80% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു അനുവദിക്കുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ